പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 9

28.11.2018-ൽ മറുപടിയ്ക്ക്

## ഇ.സി.എച്ച്.എസ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് സ്ഥലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) എക്സ് സർവ്വീസ് മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീമിൽപ്പെടുത്തി ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് സ്ഥലം വിട്ടുനൽകുന്ന പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ ; | (എ) കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള പദ്ധതിയാണ് എക്സ് സർവ്വീസ് മെൻ കോൺട്രിബ്യൂട്ടറി ഹെൽത്ത് സ്കീം. പ്രസ്തുത സ്കീമിനു വേണ്ടി ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് സ്ഥലം വിട്ടുനൽകുന്ന പദ്ധതി സംസ്ഥാന സർക്കാരിന് കീഴിൽ നിലവിലില്ല.<br>എന്നാൽ ഇ.സി.എച്ച്.എസ് പോളി ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ദീർഘകാലത്തേക്ക് നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം പാട്ടത്തിന് അനുവദിച്ചു വരുന്നുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | (ബി) കേരള ലാന്റ് അസൈന്റ്മെന്റ്സ് റൂൾസ് 1964 പ്രകാരം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകുന്ന നിരക്കായ കമ്പോള വിലയുടെ 2% വാർഷിക നിരക്കിലാണ് ഇ.സി.എച്ച്.എസ് പോളി ക്ലിനിക്കുകൾക്കും നിലവിൽ ഭൂമി പാട്ടത്തിന് അനുവദിക്കുന്നത്. |
| (സി) ഇ.സി.എച്ച്.എസ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് കുറഞ്ഞ നിരക്കിൽ തുക ഈടാക്കി സർക്കാർ ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) സംസ്ഥാനത്തെ ഭൂ ദൗർലഭ്യവും ഇ.സി.എച്ച്.എസ്-കൾക്ക് പോളി ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് സൗകര്യപ്രദമായ സ്ഥലങ്ങൾ അനുവദിക്കേണ്ട ആവശ്യകതയും പരിഗണിച്ച് 15 സെന്റ് സ്ഥലം വരെ ആർ ഒന്നിന് 100/- രൂപ എന്ന നാമമാത്ര വാർഷിക നിരക്കിൽ ദീർഘ കാലാടിസ്ഥാനത്തിൽ 30 വർഷത്തേക്ക് പാട്ടത്തിന് നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ